# ബി.എസ്.എൻ.എൽ.ഇ.യു - എസ്.എൻ.ഇ.എ
# സംയുക്ത പ്രക്ഷോഭത്തിലേക്ക്

## 2015 ആഗസ്റ്റ് 3 മുതൽ അനിശ്ചിതകാല നിരാഹാരം

## ആഗസ്റ്റ് 10 മുതൽ നിസ്സഹകരണ സമരം

* സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നതിനെതിരെ
* പ്രതികാര നടപടികൾക്കെതിരെ
* തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാത്തിനെതിരെ
* വികസനവും കാര്യക്ഷമതയും താറുമാറാക്കുന്നതിനെതിരെ

സഖാവെ, സുഹൃത്തെ,

ജനാധിപത്യപരമായ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് വിലക്കേർപ്പെടുത്തുകയും, സംഘടനാ പ്രവർത്തകർക്കെതിരെ പ്രതികാര നടപടികൾ അനസ്യൂതം തുടരുകയും ചെയ്യുന്ന ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജരുടെ നടപടികൾക്കെതിരെ സംയുക്ത പ്രക്ഷോഭമാരംഭിക്കാൻ എംപ്ലോയീസ് യൂണിയന്റെയും സഞ്ചാർനിഗാം എക്സിക്യൂട്ടിവ് അസോസിയേഷന്റെയും സംയുക്ത പ്രവർത്തകസമിതി തീരുമാനിച്ചു. ദിവസങ്ങളായി തുടരുന്ന കേരളത്തിലെ കരാർ തൊഴിലാളികളുടെ സമരം ഒത്തുതീർപ്പാക്കണമെന്നും താറുമാറായിക്കൊണ്ടിരിക്കുന്ന ബി.എസ്.എൻ.എൽ. സർവീസ് കാര്യക്ഷമമാക്കണമെന്നും സംഘടനകൾ ആവശ്യപ്പെടുന്നു.

ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചുരുക്കം സർക്കിളുകളിൽ പ്രമുഖസ്ഥാനമാണ് കേരളത്തിന്. ബി.എസ്.എൻ.എൽ. രൂപീകരണം തൊട്ടിന്നുവരെ ലാഭത്തിന്റെ കഥകൾ മാത്രമെ കേരളത്തിന് പറയാനുള്ളു. കേരളത്തിന്റെ പൊതുസമൂഹം, പൊതുമേഖലയോട് കാണിക്കുന്ന ആഭിമുഖ്യമാണ് ഇതിന് പ്രധാനകാരണം. ഈ പൊതുമനസ് സൃഷ്ടിക്കുന്നതിലും സർവീസിന്റെ കാര്യക്ഷമത നിലനിർത്തുന്നതിലും നിർണ്ണായക പങ്കുവഹിച്ചവരാണ് കേരളത്തിലെ ബി.എസ്.എൻ.എൽ കരാർതൊഴിലാളികളും, സ്ഥിരം ജീവനക്കാരും, ഓഫീസർമാരും. തൊഴിലാളികളുടെയും ജീവനക്കാരുടെയും അധ്വാനത്തിന്റെയും സഹകരണത്തിന്റെയും ഫലം കൂടിയാണ് കേരളത്തിന്റെ നേട്ടമെന്ന യഥാർത്ഥ്യം ഉൾക്കൊള്ളാതെ, എല്ലാത്തിന്റെയും പേറ്റന്റ് തങ്ങൾക്കാണെന്ന മിഥ്യാധാരണയിൽ അഭിരമിക്കുകയാണ് കേരളത്തിലെ ഉന്നതമാനേജ്മെന്റ്. കൊഴിഞ്ഞുപോകുന്ന ലാൻഡ്ലൈൻ, ബ്രോഡ് ബാൻഡ് കണക്ഷനുകൾ, ഫലപ്രദമായി ആശയവിനിമയം പൂർത്തിയാക്കാൻ കഴിയാത്ത മൊബൈൽ രംഗം, നിരന്തരം കട്ടാവുകയോ, അല്ലെങ്കിൽ ഒച്ചിഴയുന്ന വേഗതയിൽ നീങ്ങുകയോ ചെയ്യുന്ന കേരളത്തിലെ ഡാറ്റാസേവന

രംഗം തുടങ്ങി സർവീസിന്റെ കാര്യക്ഷമത അനുദിനം താഴോട്ട്പോകുമ്പോഴും, കണക്കുകളിലൂടെ തങ്ങളുടെ കേമത്തം ഉന്നതരെ ധരിപ്പിച്ച് മേനി നടിക്കുകയാണ് മാനേജ്മെന്റ്. ഐഡിയയ്ക്ക് പിന്നിൽ നേരിയ വ്യത്യാസത്തിന് രണ്ടാം സ്ഥാനത്തായിരുന്ന കേരളത്തിലെ ബി.എസ്.എൻ.എൽ മൊബൈൽ മേഖല, വോഡാഫോണിന് താഴെ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടത് ലാഭം മാത്രമുണ്ടാകുന്ന ഉന്നതരുടെ കഴിവ് തന്നെ. കഴിഞ്ഞ സാമ്പത്തികവർഷം 3,53,636 ലാൻഡ് ലൈൻ കണക്ഷനും 145483 ബ്രോഡ് ബാൻഡ് കണക്ഷനും വിച്ഛേദിക്കപ്പെട്ടുവെന്ന യാഥാർത്ഥ്യം ഭീകരമായി നമ്മുടെ മുന്നിൽ നില്ക്കുമ്പോഴും കേരളം മുന്നിൽതന്നെയെന്ന അവകാശവാദം ഉന്നതരെ ബോദ്ധ്യപ്പെടുത്തി രക്ഷപ്പെടുകയാണ് മാനേജ്മെന്റ്. 2013-14 സാമ്പത്തിക വർഷം 41.6 ശതമാനം പേരാണ് പോർട്ട് ഔട്ട് ചെയ്തെങ്കിൽ, 2014-15 സാമ്പത്തികവർഷം അത് 71.6 ശതമാനമായതും കേരളത്തിലെ ഉന്നത മാനേജ്മെന്റിന്റെ നേട്ടം തന്നെ. ലാഭമുണ്ടാക്കുന്നസർക്കിളായിട്ട് പോലും അർഹമായ ഫണ്ടും മെറ്റീരിയൽസും ലഭ്യമാക്കാത്തതും, നേട്ടത്തിന്റെ പട്ടികയിലുണ്ട്.

തകരുന്ന സേവനരംഗത്തെക്കുറിച്ചും, പെരുകുന്ന തൊഴിലാളിവിരുദ്ധ നടപടികളെപ്പറ്റിയും ചോദ്യം ചെയ്താൽ പ്രതികാര നടപടിയിലൂടെ മാത്രം പ്രതികരിക്കുകയെന്ന നിലപാടാണ് ഉന്നത മാനേജ്മെന്റ് സ്വീകരിക്കുന്നത്.

നൂറ്റാണ്ടുകൾ നീണ്ടുനിന്ന പോരാട്ടത്തിലൂടെ നേടിയെടുത്തതാണ് സംഘടിക്കാനും, കൂട്ടായി വിലപേശാനുമുള്ള സ്വാതന്ത്ര്യം. അത് നിഷേധിക്കാനുള്ള മാനേജ്മെന്റിന്റെ എല്ലാ ശ്രമങ്ങളെയും ശക്തമായി ചെറുക്കും. ധർണ നടത്തൽ, പന്തൽകെട്ടൽ, മുദ്രാവാക്യം വിളിക്കൽ, പ്രസംഗിക്കൽ എന്നിവയെല്ലാം തങ്ങളുടെ ഹിതം അനുസരിച്ച് മാത്രമെ നടത്താവൂ എന്ന മാനേജ്മെന്റിന്റെ ധിക്കാരപരമായ നിലപാടുകളെ തൃണവൽഗണിച്ചുകൊണ്ടാണ് സമരവീര്യത്തിന്റെ അണയാത്ത ജ്വാലകൾ സർക്കിൾ ഓഫീസ് പരിസരത്ത് ഉയരുന്നത്.

കേരളത്തിലെ തൊഴിൽ രംഗം അത്യന്തം കലുഷിതമാണ്. ബി.എസ്.എൻ.എൽ.ലെ ഏറ്റവും തുച്ഛമായ കൂലി വാങ്ങുന്ന കരാർ തൊഴിലാളികൾ ഒരു മാസത്തിലധികമായി പ്രക്ഷോഭത്തിലാണ്. പാവപ്പെട്ട, പട്ടിണിക്കാരായ ഇവരുടെ ആവശ്യങ്ങളെ അധികാരത്തിന്റെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്താനാണ് ശ്രമിക്കുന്നത്. അത് അംഗീകരിക്കില്ലെന്നും, ഈ സമരം വിജയിപ്പിക്കുമെന്നും പ്രഖ്യാപിച്ച് രംഗത്തെത്തുന്നവർക്ക് നേരെ പ്രതികാര നടപടികൾ സ്വീകരിക്കുകയാണ്. ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ സംസ്ഥാന നേതാക്കൾക്കും പ്രവർത്തകർക്കുമെതിരെ ഷോകോസ്, ശമ്പളം തടഞ്ഞുവെക്കുമെന്ന ഭീഷണി, ഡയസ്നോൺ അടിച്ചേൽപിക്കാനുള്ള നീക്കം, സ്ഥലം മാറ്റം, അപകീർത്തികരമായ പ്രസംഗം നടത്തിയെന്നാരോപിച്ച് നോട്ടീസ് തുടങ്ങി പ്രതികാര നടപടികളുടെ ഘോഷയാത്രയാണ് അരങ്ങേറുന്നത്. അംഗീകൃതയൂണിയൻ നോട്ടീസ് നല്കി നടത്തിയ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ തിരുവനന്തപുരം എസ്.എസ്.എ.യിലെയും, സർക്കിൾ ഓഫീസിലെയും പ്രവർത്തകർക്കും, നേതാക്കൾക്കുമെതിരെയാണ് ഡയസ്നോൺ നല്കുമെന്ന പ്രഖ്യാപനം. സമരസഹായ സമിതി യോഗ

ത്തിൽ പ്രസംഗിച്ചുവെന്നതിന്റെ പേരിൽ എസ്.എൻ.ഇ.എ. ജില്ലാസെക്രട്ടറി ടി.സന്തോഷ്കുമാറിനെ കണ്ണൂരിലേക്ക് സ്ഥലം മാറ്റിയിരിക്കുന്നു.

കഴിഞ്ഞവർഷം എസ്.എൻ.ഇ.എ. നടത്തിയ പ്രക്ഷോഭങ്ങളുടെ പേരിൽ നിരവധി പ്രതികാര നടപടികൾ നിലനില്ക്കുകയാണ്. നിരവധി പേർക്ക് ചാർജ് ഷീറ്റ്, നൂറ് കണക്കിന് ഓഫീസർമാർക്ക് ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ഡയസ്നോൺ, യൂണിയന്റെ ജനറൽ സെക്രട്ടറിക്കും, സർക്കിൾ സെക്രട്ടറിക്കുമെതിരെ അപകീർത്തികേസ്, യാതൊരു മാനദണ്ഡവുമില്ലാതെ തലങ്ങും വിലങ്ങുമുള്ള സ്ഥലമാറ്റങ്ങൾ തുടങ്ങി അധികാരത്തിന്റെ ആവനാഴിയിലുള്ള എല്ലാ അസ്ത്രങ്ങളും പ്രയോഗിച്ചിരിക്കുകയാണ്. ഇതിന്റെ മുമ്പിൽ മുട്ടുമടക്കില്ലെന്ന പ്രഖ്യാപനമാണ് സംയുക്തസമരങ്ങളിലൂടെ ഞങ്ങൾ ഉയർത്തുന്നത്. പ്രതികാര നടപടികൾക്കെതിരെ,ട്രേഡ് യൂണിയൻ സ്വാതന്ത്ര്യം നിലനിർത്താൻ, തൊഴിൽ പ്രശ്നങ്ങൾ പരിഹരിച്ച് സേവനരംഗം മെച്ചെപ്പെടുത്താൻ **2015 ആഗസ്റ്റ് 3 മുതൽ ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെയും എസ്.എൻ.ഇ.എ.യുടെയും സംസ്ഥാന നേതാക്കൾ അനിശ്ചിതകാല നിരാഹാര സമരം നടത്തുകയാണ്.** കേരളത്തിലെ ബി.എസ്.എൻ.എൽ. ജീവനക്കാരും, ഓഫീസർമാരും മാത്രമല്ല, ഉന്നതരായ ഐ.ടി.എസ്. ഉദ്യോഗസ്ഥർപോലും സ്വേച്ഛാധിപത്യത്തിനെതിരെ മനസ്സുകൊണ്ടെങ്കിലും പ്രതികരിക്കുകയാണ്. ആജ്ഞാനുവർത്തികളും ശിങ്കിടികളുമൊഴികെ, ആത്മാഭിമാനമുള്ള കേരളത്തിലെ എല്ലാ ബി.എസ്.എൻ.എൽ. ജീവനക്കാരും ഓഫീസർമാരും ഈ സമരത്തിനൊപ്പമാണ്. അനിശ്ചിതകാല നിരാഹാര സമരത്തിൽ ഉന്നയിക്കുന്ന ആവശ്യങ്ങൾ അനുകൂലമായി പരിഹരിക്കുന്നില്ലെങ്കിൽ **ആഗസ്റ്റ് 10 മുതൽ നിസ്സഹകരണ സമരമാരംഭിക്കും.** സ്വാഭാവികമായും കേരളത്തിലെ സർവീസ് താറുമാറാകും. പൊതുജനങ്ങളുടെയും, കേരളത്തിലെ ട്രേഡ് യൂണിയൻ സർവീസ് സംഘടനകളുടെയും സഹായം ഈ സമരത്തിനുണ്ട്. ഏകാധിപത്യത്തിനെതിരെ ജനാധിപത്യത്തിന്റെ ശബ്ദമാണ് ഈ സമരങ്ങളിലൂടെ ഞങ്ങൾ ഉയർത്തുന്നത്. സമരം വിജയിപ്പിക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ജോർജ്ജ് വർഗീസ്**
സർക്കിൾ സെക്രട്ടറി SNEA
ചെയർമാൻ സമരസമിതി

**കെ.മോഹനൻ**
സർക്കിൾ സെക്രട്ടറി BSNLEU
കൺവീനർ സമരസമിതി

തിരുവനന്തപുരം,
29-7-2015